3598
11/3/21

**കേരള സർക്കാർ**

സംഗ്രഹം

കൃഷി (മൃഗസംരക്ഷണ വകുപ്പ്)- കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിൽ മാനേജർ (അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ്)-ന്റെ ഒരു തസ്തികയും ഇലക്ട്രിക്കൽ സൂപ്പർവൈസറിന്റെ 3 തസ്തികകളും സൃഷ്ടിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (മൃഗസംരക്ഷണ-എഫ്) വകുപ്പ്)**

**സ.ഉ.(എം.എസ്) നം.9/2021/എ.എച്ച്.ഡി** തീയതി, തിരുവനന്തപുരം, 26/02/2021

പരാമർശം:-01) 08/11/2013 ലെ സ.ഉ (എം.എസ്) നം.325/2013/എ.ഡി
02) 20/06/2016 ലെ സ.ഉ (എം.എസ്) നം.23/2016/എ.എച്ച്.ഡി
03) കെ.എൽ.ഡി.ബി.എം.ഡിയുടെ 03/09/2016-ലെ പി.എം.ബി/995/2011/4151 നമ്പർ കത്ത്.

## ഉത്തരവ്

കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിൽ 01/07/2009 മുതലുള്ള ശമ്പള പരിഷ്കരണം പ്രാബല്യത്തിലാക്കിക്കൊണ്ടു പുറപ്പെടുവിച്ച പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, ബോർഡിൽ നിലവിൽ ആവശ്യമുള്ള തസ്തികകളും, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും നിശ്ചയിക്കുന്നതിനായി കെ.എൽ.ഡി.ബി യുടെ 199-ാമത് ബോർഡ് യോഗത്തിലെ 2808 നമ്പർ റസല്യൂഷൻ പ്രകാരം സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം, ബോർഡിൽ ഒഴിഞ്ഞുകിടന്ന 91 തസ്തികകൾ നിർത്തലാക്കിക്കൊണ്ടു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 19/9/14-ലെ G.O(P) No.400/14/Fin, 2/2/15-ലെ G.O(P) No.58/15/Fin എന്നിവയിൽ വ്യവസ്ഥ ചെയ്തിരുന്നത് പ്രകാരം ബോർഡിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിനും തസ്തിക പുനഃക്രമീകരിക്കുന്നതിനുമുള്ള പ്രൊപോസൽ സമർപ്പിക്കുന്നതിന് പരാമർശം (2)-ൽ ഉത്തരവായിരുന്നു. ഇപ്രകാരം നിർത്തലാക്കിയ 91 തസ്തികകളിൽ ഉൾപ്പെട്ട 14 തസ്തികകൾക്ക് തത്തുല്യമായി, കുളത്തൂപ്പുഴ, മാട്ടുപ്പെട്ടി, കോലാഹലമേട് എന്നിവിടങ്ങളിൽ സ്ഥാപിതമായ ഹൈടെക്ക് ഫാമുകളിലേക്കായി, പുതുതായി 4 തസ്തികകൾ (മാനേജർ അഗ്രിക്കൾച്ചറൽ എൻജിനീയറിങ് -1, ഇലക്ട്രിക്കൽ സൂപ്പർവൈസർ-3) സൃഷ്ടിക്കണമെന്ന് കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് എം.ഡി., പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിൽ പരാമർശം (2) ഉത്തരവ് പ്രകാരം നിർത്തലാക്കിയ 91 തസ്തികകളിൽ ഉൾപ്പെട്ട 14 തസ്തികകൾക്ക് തത്തുല്യമായി, 4 പുതിയ തസ്തികകൾ (മാനേജർ അഗ്രിക്കൾച്ചറൽ എൻജിനീയറിങ്-1, ഇലക്ട്രിക്കൽ സൂപ്പർവൈസർ-3) ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന യോഗ്യത, നിയമനരീതി എന്നിവ പ്രകാരം സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(മറുപുറം)

| Sl | Name of posts to be created | No. of posts | Qualification | Method of appointment | Scale of pay |
|---|---|---|---|---|---|
| 1 | Manager (Agricultural Engineering) | 1 | B-Tech /BE Degree in Agricultural Engineering from recognised University. Minimum 10 years experience in the Feeder Category and 12 years experience in Board. | Promotion by the selection from the category of Assistant Manager (AE) in the Board or by direct recruitment | 36140-49740(PR) 68700-110400 |
| 2 | Electrical Supervisor | 3 | SSLC and NTC for direct recruitment and by transfer-equivalent in the trade of Electrical Draftsman (Mech/Refrigeration and Air conditioning trade) | 1) Promotion by selection from the category of Plant operators in the Board.<br><br>2) In the absence of eligible and suitable candidates in item 1 above, by direct recruitment | 13900-24040(PR)<br><br>26500-56700 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടിങ്കു ബിസ്വാൾ**
**സെക്രട്ടറി**

ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള കന്നുകാലി വികസന ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 & 2) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
പൊതുഭരണ (എ.സ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ) തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 24-02-2021

ഫയൽ നം. എഫ്1/119/2016/എ.എച്ച്.ഡി. ഇനം നം: 4811

വിഷയം : കൃഷി (മൃഗസംരക്ഷണ) വകുപ്പ് - കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡിൽ മാനേജർ (അഗ്രികൾച്ചർ എഞ്ചിനീയറിംഗ്)-ന്റെ 1 തസ്തികയും, ഇലക്ട്രിക്കൽ സൂപ്പർവൈസറിന്റെ 3 തസ്തികകളും സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി (മൃഗസംരക്ഷണ) വകുപ്പ്.

V. Urgent
25/2
12.05pm
25/2
JS

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്1 /119/2016/എ.എച്ച്.ഡി |
| 2 | വകുപ്പ് | **കൃഷി (മൃഗസംരക്ഷണ-എഫ്) വകുപ്പ്** |
| 3 | വിഷയം | കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡിൽ മാനേജർ (അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ്)-ന്റെ 1 തസ്തികയും, ഇലക്ട്രിക്കൽ സൂപ്പർവൈസറിന്റെ 3 തസ്തികകളും, സൃഷ്ടിക്കുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15-02-2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ഷീല.പി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 19-02-2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20-02-2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. കെ.രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22-02-2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22-02-2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡിൽ മാനേജർ (അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ്)-ന്റെ ഒരു തസ്തികയും, ഇലക്ട്രിക്കൽ സൂപ്പർവൈസറിന്റെ 3 തസ്തികകളും, സൃഷ്ടിക്കുന്നത് സംബന്ധിച്ചാണീ കുറിപ്പ്.

2. കെ.എൽ.ഡി.ബിയുടെ 01/07/2009-മുതലുള്ള ശമ്പള പരിഷ്കരണം പ്രാബല്യമാക്കിക്കൊണ്ടുള്ള സ.ഉ. (എം.എസ്) നം.325/2013/എ.ഡി തീയതി 08/11/2013-ൽ ഉത്തരവ് പ്രകാരം ബോർഡിൽ നിലവിൽ ആവശ്യമുള്ള തസ്തികകളും, ഒഴിഞ്ഞുകിടക്കുന്ന ആവശ്യമില്ലാത്ത തസ്തികകളും തീർപ്പ് കൽപ്പിക്കാൻ വേണ്ടി സർക്കാരിലേക്ക് പ്രപ്പോസൽ കെ.എൽ.ഡി.ബിയുടെ 199-ാമത് ബോർഡ് യോഗത്തിലെ 2808 റസലൂഷൻ നമ്പർ പ്രകാരം, സമർപ്പിച്ചിരുന്നു. സർക്കാർ പ്രസ്തുത പ്രപ്പോസൽ വിശദമായി പരിശോധിക്കുകയും, സ.ഉ (എം.എസ്) നം.23/2016/എ.എച്ച്.ഡി 20/06/2016 പ്രകാരം 91 തസ്തികകൾ സ്റ്റാഫ് വിഭാഗത്തിൽ നിർത്തലാക്കാൻ നിർദ്ദേശം നൽകിയിരുന്നു. ധനകാര്യവകുപ്പിന്റെ സ.ഉ (പി) നം.102/2016/ഫിൻ തീയതി 22/07/2016 പ്രകാരം സർക്കാരിലേക്ക് തസ്തിക സൃഷ്ടിക്കുന്നതിന് പുന:ർനാമകരണം ചെയ്യുന്നതിനുമായി നിർദ്ദേശം നൽകുകയും, ആയത് പ്രകാരം നിർത്തലാക്കിയ 91 തസ്തികകളിൽ ഉൾപ്പെട്ട 14 തസ്തികകൾക്ക് പകരമായി 4 തസ്തികകൾ സൃഷ്ടിക്കുന്നതിന് 20-06-2016-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം കുളത്തുപ്പുഴ,

മാട്ടുപ്പെട്ടി, കോലാഹലമേട് എന്നീ ഹൈടെക്ക് ഫാമുകൾ സ്ഥാപിക്കുന്നതിന്റെ അനന്തരഫലമായിട്ടുണ്ടാവുന്നതും, നിലവിൽ ആവശ്യമുള്ളതുമായ തസ്തികകളുടെ പ്രൊപ്പോസൽ എം.ഡി, കെ.എൽ.ഡി.ബി സർക്കാരിലേക്ക് അനുകൂലനടപടികൾക്കായി സമർപ്പിക്കുകയുണ്ടായി. ഹൈടെക്ക് ഫാമുകൾ കമ്മീഷൻ ചെയ്തെങ്കിലും പുതിയ പോസ്റ്റുകൾ ഒന്നും സൃഷ്ടിക്കാതെ കെ.എൽ.ഡി.ബിയിൽ നിലവിലുള്ള സാങ്കേതിക ജ്ഞാനമുള്ളവരും, സാങ്കേതിക ജ്ഞാനമില്ലാത്തവരുമായ ജീവനക്കാരെവച്ച് പ്രസ്തുത ജോലികൾ നിർവ്വഹിച്ചുവരികയാണ്.

3) നിർത്തലാക്കിയ 14 തസ്തികകൾ ചുവടെ ചേർക്കുന്നു:-

| | | |
|---|---|---|
| 1) Confidential Assistant | - | 04 |
| 2) Junior Assistant | - | 05 |
| 3) Typist | - | 02 |
| 4) Store Assistant | - | 01 |
| 5) Last Grade / Peon | - | 02 |
| Total | - | 14 |

4) പതിനാല് (14) തസ്തികകൾ നിർത്തലാക്കിക്കൊണ്ട് പകരം കെ.എൽ.ഡി.ബി-യിൽ സൃഷ്ടിക്കേണ്ട നാല് (04) തസ്തികകളുടെ നിയമന രീതി ചുവടെ ചേർക്കും പ്രകാരമാണ്.

| Sl | Name of posts to be created | No. of posts | Qualification | Method of appointment |
|---|---|---|---|---|
| 1 | Manager (Agricultural Engineering) | 1 | B-Tech /BE Degree in Agricultural Engineering from recognised University. Minimum 10 years experience in the Feeder Category and 12 years experience in Board. | Promotion by the selection from the category of Assistant Manager (AE) in the Board or by direct recruitment |

| | | | | |
|---|---|---|---|---|
| 2 | Electrical Supervisor | 3 | SSLC and NTC for direct recruitment and by transfer-equivalent in the trade of Electrical Draftsman (Mech/Refrigeration and Air conditioning trade) | 1) Promotion by selection from the category of Plant operators in the Board.<br><br>2) In the absence of eligible and suitable candidates in item 1 above, by direct recruitment |

5)) നിർദ്ദേശിക്കപ്പെട്ട പ്രസ്തുത തസ്തികകളിൽ, മാനേജർ (അഗ്രി.എഞ്ചിനീയറിംഗ്)-ന്റെ ജോലി ബോർഡിന്റെ ഏതെങ്കിലും ഒരു ഫാം യൂണിറ്റിൽ തങ്ങിക്കൊണ്ട് ജോലി നോക്കുന്ന അസി.മാനേജർ (അഗ്രി എഞ്ചിനീയറിംഗ്)ന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക എന്നതാണ്. ബോർഡിന്റെ കീഴിലെ ഇലക്ട്രിക്കൽ installations വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ, വൈദ്യുതി പ്രവാഹത്തിലുള്ള നേരിയ വ്യതിയാനം പോലും പല installations നും തകരാറുണ്ടാക്കുകയും, മൊത്തത്തിലുള്ള system തന്നെ തകരാറാകുകയും ചെയ്യുമെന്നുള്ളതിനാലും, 3 പുതിയ ബുൾ മദർ ഫാമുകളിലേക്ക് ഒരോരുത്തരെ വീതം 3 ഇലക്ട്രിക്കൽ സൂപ്പർവൈസർമാരെ വളരെയധികം ആവശ്യമുണ്ടെന്നും എം.ഡി, കെ.എൽ.ഡി.ബി അറിയിക്കുന്നു.

6) മേൽപ്പറഞ്ഞ തസ്തികകൾ സൃഷ്ടിക്കുന്നതുമൂലമുള്ള ബോർഡിന്റെ വാർഷിക ചെലവ് ഇപ്രകാരമാണ്. മാനേജർ (അഗ്രിക്കൾച്ചർ എഞ്ചിനിയർ)ക്ക് നൽകേണ്ട വാർഷിക ശമ്പളവും അലവൻസും ഉൾപ്പെടെ ഏകദേശം 12,00,000/- രൂപയും, ഇത് മൂലം ബോർഡിന് അടുത്ത 5 വർഷത്തേയ്ക്കുള്ള ചെലവ് ഏകദേശം 65,00,000/- രൂപയാണ്. ഒരു ഇലക്ട്രിക്കൽ സൂപ്പർവൈസറിന്റെ ഏകദേശ വാർഷിക ശമ്പളവും അലവൻസും 4,00,000/- രൂപയും, 3 ഇലക്ട്രിക്കൽ സൂപ്പർവൈസർമാരുടെ ഏകദേശ വാർഷിക ശമ്പളവും അലവൻസും 12,00,000/-

രൂപയുമാണ്. ഇത് മൂലം ബോർഡിന് അടുത്ത 5 വർഷത്തേയ്ക്കുള്ള ചെലവ് ഏകദേശം 65,00,000/- രൂപയാണ്. എന്നാൽ 2016-ൽ നിർത്തലാക്കിയ 14 തസ്തികകൾക്കു പകരമായാണ് ഈ തസ്തികകൾ സൃഷ്ടിക്കേണ്ടത് എന്നത് ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

7) ഈ വിഷയത്തിന്മേൽ ബഹു.മൃഗസംരക്ഷണ വകുപ്പുമന്ത്രി ഇപ്രകാരം അഭിപ്രായപ്പെട്ടു.

" 14 തസ്തികകൾ നിർത്തലാക്കിക്കൊണ്ട് 4 തസ്തികകൾ സൃഷ്ടിക്കുന്നത് എന്നതിനാൽ അധിക ബാധ്യത ഉണ്ടാകുന്നില്ല"

8) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" KLDB-ൽ താഴെ പറയും പ്രകാരം നാല് തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു.

| Sl | Name of posts to be created | No. of posts | Qualification | Method of appointment |
|---|---|---|---|---|
| 1 | Manager (Agricultural Engineering) | 1 | B-Tech /BE Degree in Agricultural Engineering from recognised University. Minimum 10 years experience in the Feeder Category and 12 years experience in Board. | Promotion by the selection from the category of Assistant Manager (AE) in the Board or by direct recruitment |
| 2 | Electrical Supervisor | 3 | SSLC and NTC for direct recruitment and by transfer-equivalent in the trade of Electrical Draftman (Mech/Refrigeration and Air conditioning trade) | 1) Promotion by selection from the category of Plant operators in the Board.<br>2) In the absence of eligible and suitable candidates in item 1 above, by direct recruitment |

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്.

09) ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

20-06-2016-ലെ സ.ഉ (എം.എസ്) നം.23/2016/എ.എച്ച്.ഡി പ്രകാരം കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡിൽ നിർത്തലാക്കിയ 14 തസ്തികകൾക്ക് പകരമായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം അംഗീകരിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡിൽ 4 തസ്തികകൾ (Manager Agricultural Engineering – 1 post, & Electrical Supervisor 3 posts) സൃഷ്ടിക്കാമോ ?